പത്രക്കുറിപ്പ് 10-05-2019

# കേരള സാഹിത്യ അക്കാദമി തുഞ്ചൻ സ്മാരക പ്രബന്ധമത്സരത്തിന് രചനകൾ ക്ഷണിച്ചു.

കേരള സാഹിത്യ അക്കാദമിയുടെ 2018 ലെ തുഞ്ചൻ സ്മാരക പ്രബന്ധമത്സരത്തിന് രചനകൾ ക്ഷണിച്ചു. 5000/- (അയ്യായിരം) രൂപയും സാക്ഷ്യപത്രവുമാണ് മികച്ച പ്രബന്ധത്തിനുള്ള പുരസ്കാരം. ***എഴുത്തച്ഛന്റെ സ്വതന്ത്രകൃതികൾ*** എന്നതാണ് ഈ വർഷത്തെ വിഷയം. രചനകളുടെ ദൈർഘ്യം പരമാവധി എഴുതിയ പേജുകൾ 40 ആണ്. ഏത് പ്രായത്തിലുള്ളവർക്കും രചനകൾ അയക്കാം. ഒരു തവണ സമ്മാനം ലഭിച്ചവർ പിന്നീട് മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. രചയിതാക്കളുടെ പേരും പൂർണ്ണമേൽവിലാസവും ഫോൺ നമ്പർ അടക്കം പ്രത്യേകം മറ്റൊരു പേജിൽ എഴുതി പ്രബന്ധത്തോടൊപ്പം സമർപ്പിക്കണം. പ്രബന്ധങ്ങൾ 2019 ജൂലായ് പത്തിനകം സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, പാലസ് റോഡ്, തൃശൂർ-680 020 എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മുഖാന്തിരമോ ലഭിക്കണം. ഫോൺ നം. 0487-2331069, 2333967.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി